# ശാംഭവി

ത്രൈമാസിക

പുസ്തകം 1 | ജനുവരി - മാർച്ച് 2010 | ലക്കം 1 | വില 15 രൂപ



# ശാംഭവി

ഋഗ്വേദസൂക്തി

**സാ മാ സത്യോക്തിഃ പരി പാതു വിശ്വതഃ**

സത്യഭാഷണം എല്ലാ അനർത്ഥങ്ങളിൽനിന്നും എന്നെ രക്ഷിക്കട്ടെ.

## സാ ശാംഭവീ സ്ഫുരതു

നമ്മുടെ പൂർവ്വീകരായ ഋഷീശ്വരന്മാർ അനുഭൂതിയിലൂടെ മനസ്സിലാക്കിയ പരമമായ അറിവിനെ ലോകത്തിന് സംഭാവന ചെയ്തു. ആ മഹത്തായ ദർശന മാണ് സർവ്വചരാചരങ്ങളിലും നിറഞ്ഞിരിക്കുന്ന ഈശ്വരാംശത്തെ കാണാൻ കഴി യുക എന്നത്. (ആത്മവത് സർവ്വ ഭൂതേഷു). തന്ത്രശാസ്ത്രം ഇതിനെ 'ശിവ ബോധം' എന്നു പറയുന്നു. ഈ ശിവബോധം—പരമമായ ബോധത്തെ— ഉണർത്തുക അല്ലെങ്കിൽ സാധാരണ ബോധത്തെ ശിവബോധത്തിലേയ്ക്കു യർത്തുക എന്നതാണ് തന്ത്രശാസ്ത്രത്തിന്റെ പരമമായ ലക്ഷ്യം. ആദ്ധ്യാത്മി കാനുഭൂതിയിലൂടെ മാത്രമേ പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്ന ഈശ്വരചൈ തന്യത്തെ അനുഭവിക്കാൻ സാധിക്കുകയുള്ളു. ഇത് തികച്ചും വ്യക്ത്യധിഷ്ഠിത വുമാണ്. ഓരോ വ്യക്തിക്കും സ്വപ്രയത്നത്തിലൂടെ പ്രപഞ്ചത്തിന്റെ സ്വതഃസി ദ്ധമായ താളവും അതിന്റെ ലയവും മനസ്സിലാക്കുവാനും അനുഭവിക്കുവാനും സാധിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഈശ്വരന്റെ ഒരു ഭാഗം തന്നെ യാണ് നാമോരോരുത്തരും എന്നു മനസ്സിലാകുന്നു.

യഥാർത്ഥ സത്യാന്വേഷിക്ക് തന്റെ പാതയിൽ തടസ്സങ്ങൾ ഉണ്ടാകുമെങ്കിലും അന്വേഷണം നിലയ്ക്കുന്നില്ല. ഗുരുമുഖത്തുനിന്നോ ശാസ്ത്രഗ്രന്ഥങ്ങ ളിൽനിന്നോ അതുമല്ലെങ്കിൽ ഗുരുവിന്റെ അനുഗ്രഹത്താൽ താൻ നേടിയ അറി വിന്റെ വെളിച്ചത്തിലോ സ്വന്തം വഴി കൂടുതൽ തെളിമയാർന്ന് സംശയരഹിതമാ വുകയും അതിലൂടെ മുക്തി നേടുകയും ചെയ്യുന്നു.

നമ്മുടെ സംസ്കാരത്തെക്കുറിച്ച് ശരിയായ അവബോധം നമുക്ക് ഉണ്ടാ യാൽ മാത്രമേ ഋഷീശ്വരന്മാരുടെ പാത പിന്തുടരാൻ കഴിയുകയുള്ളൂ. വ്യക്ത്യ ധിഷ്ഠിതമായ അറിവ് ശാസ്ത്രചർച്ചയിലൂടെയും സ്വാദ്ധ്യായത്തിലൂടെയും സാധ നയിലൂടെയും വികാസം പ്രാപിക്കുന്നു. പരമമായ അറിവ് ഏകമാണ്. മാർഗ്ഗങ്ങ ളാകട്ടെ നിരവധിയും. ഇങ്ങനെ ഓരോ വ്യക്തിക്കും താൻ ഈശ്വരാംശമാണ്, ശിവാംശമാണ് എന്നുള്ള ബോധം സ്ഫുരിക്കുന്നതുവഴി മാത്രമേ സമൂഹത്തിനും പ്രപഞ്ചത്തിനും ഗുണപ്രദനായി ജീവിക്കാൻ സാധിക്കുകയുള്ളു. അങ്ങനെ ഈശ്വ രീയമായ ആനന്ദം പ്രപഞ്ചം മുഴുവൻ വ്യാപിക്കുകയും ചെയ്യുന്നു.

ഈ ഒരു ആശയത്തെ മുൻനിർത്തി വ്യത്യസ്തങ്ങളായ ആദ്ധ്യാത്മിക വിഷയ വിഭവങ്ങളോടുകൂടിയാണ് 'ശാംഭവി' മുന്നോട്ടുപോകാൻ തയ്യാറെടുക്കു ന്നത്. അതിനായി എല്ലാ സത്യാന്വേഷകരേയും 'ശാംഭവി'യിലേയ്ക്കു ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

പുസ്തകം 1, ലക്കം 1,

ജനുവരി – മാർച്ച് 2010

വില 15 രൂപ

**ശ്രീപുരം പബ്ലിക്കേഷൻസ്**
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712
shripuramtrust@yahoo.co.in
www.shripuram.org.

**പത്രാധിപർ**
പ്രകാശ് ഡി.

**പത്രാധിപ സമിതി**
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ്
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

**പ്രസാധകൻ**
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

**അക്ഷരവിന്യാസം, രൂപകല്പന**
രവി പാറക്കുന്നം, തൃശൂർ.

**മുദ്രണം**
ശ്രീചക്രം പ്രിന്റേഴ്സ്, കൊച്ചി.

## വിഷയവിവരം

1. ശ്രീപുരം താന്ത്രിക ഗവേഷണ കേന്ദ്രം
4

2. പഞ്ചാനനശിവസ്തുതി
5

3. ഇളംതലമുറയുടെ കൂമ്പുവാട്ടം
8

4. ശിവസങ്കല്പം
11

5. പ്രയോഗമഞ്ജരി
14

# ശ്രീപുരം താന്ത്രിക ഗവേഷണകേന്ദ്രം

ശ്രീപുരം ട്രസ്റ്റ് സ്ഥാപിതമായത് 2006-ലാണ്. ഇന്നത്തെ ലോകത്ത് തന്ത്രശാസ്ത്രത്തിന്റെ മാനുഷികവശങ്ങളെ പ്രചരിപ്പിക്കുക എന്ന മുഖ്യമായ ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനം തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുടയ്ക്കു സമീപം മാടായിക്കോണമെന്ന ശാന്തമായ ഗ്രാമത്തിലാണ് സ്ഥിതിചെയ്യുന്നത്. ശ്രീ. എൽ. ഗിരീഷ് കുമാറാണ് ഇതിന്റെ സ്ഥാപക ചെയർമാൻ. ആദ്ധ്യാത്മികവും സാംസ്കാരികവുമായ മേഖലയിൽ തികഞ്ഞ വ്യക്തിത്വത്തിന്റെ ഉടമയാണ് ഇദ്ദേഹം. തന്ത്രശാസ്ത്രത്തിന്റെ മേഖലയിൽ ആചാര്യനും മാർഗ്ഗദർശിയുമായ ശ്രീ. മാധവ്ജിയുടെ ശിഷ്യനുമാണ് ശ്രീ. ഗിരീഷ്കുമാർ.

തന്ത്രശാസ്ത്രത്തിന്റെ അധീതിബോധാചരണ പ്രചാരണങ്ങളിൽ വ്യാപൃതമായിരിക്കുന്ന ഈ സ്ഥാപനത്തെ പരിചയപ്പെടുത്തുമ്പോൾ തന്ത്രം എന്തെന്ന് പറയേണ്ടതുണ്ട്.

തന്ത്രമൊരു മാർഗ്ഗമാണ്. ആഗ്രഹ സാഫല്യത്തിനുള്ള ടെക്നിക്കാണ്. മനുഷ്യന് അവന്റെ ആഗ്രഹങ്ങളിലൊരു അധീശത്വവുമില്ല. ആഗ്രഹം തന്റെ ഉള്ളിൽ വന്നാൽ മാത്രമേ അത് തന്റേത് എന്ന് ഒരുവന് അവകാശപ്പെടാൻ സാദ്ധ്യമാകൂ. ആഗ്രഹങ്ങളെല്ലാം ഒളിഞ്ഞുകിടക്കുന്ന പ്രവണതകളുടെ അഥവാ വാസനകളുടെ ഉൽപ്പന്നങ്ങളാണ്. ആഗ്രഹങ്ങളെ സാധിപ്പിക്കുന്നതിലൂടെ അതിനെ ഇല്ലാതാക്കാം. ആഗ്രഹങ്ങളെ സാധിപ്പിച്ചുകൊണ്ട് ഒരുവന് മുക്തിയിലേയ്ക്കുള്ള മാർഗ്ഗം തന്ത്രശാസ്ത്രം നല്കുന്നു. നമ്മുടെ 'സ്വ'ഭാവം മനസ്സിലാക്കുന്നതിലൂടെ (മുക്തി പ്രാപിക്കുന്നതിലൂടെ) ഈ പ്രപഞ്ചം ബോധത്തിന്റെ തന്നെ രൂപവത്ക്കരണം തന്നെയാണെന്നും നാം അതിന്റെ ഭാഗമാണെന്നും തിരിച്ചറിയുന്നു. ഇതൊരു ജീവിതചര്യയാണ്. ഇന്നത്തെ ലോകത്ത് തന്ത്രത്തിന്റെ പഠനവും പ്രായോഗിക പരിശീലനവും കുറഞ്ഞുവരുന്നു. 10-ാം നൂറ്റാണ്ടിൽ കാശ്മീരിൽ ജീവിച്ചിരുന്ന അഭിനവഗുപ്തനെന്ന തന്ത്രശാസ്ത്ര പണ്ഡിതൻ ഇപ്രകാരം അഭിപ്രായപ്പെട്ടു—'മറ്റെല്ലാ ശാസ്ത്രത്തേക്കാളും ഉത്തമം തന്ത്രശാസ്ത്രമാകുന്നു.'

തന്ത്രശാസ്ത്രത്തിന്റെ മാനുഷികവശങ്ങളെ പുറംലോകത്തിന് പരിചയപ്പെടുത്തുവാൻ പ്രയത്നിക്കുന്ന ഈ സ്ഥാപനം ഈ ശാസ്ത്രം യഥാർത്ഥത്തിൽ പഠിക്കുവാനും മനസ്സിലാക്കുവാനും ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ സഹായം നല്കുവാനും തയ്യാറാണ്. താളിയോല, കടലാസ് തുടങ്ങിയവയിലുള്ള ഹസ്തലിഖിതങ്ങൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സംരക്ഷിക്കുക എന്നതും നമ്മുടെ ഉദ്ദേശ്യമാണ്. മാനവിക ഉന്നതിക്കുവേണ്ടി ഹസ്തലിഖിതങ്ങൾ ഗവേഷണത്തിനു വിധേയമാക്കി പുരാതനയജ്ഞങ്ങൾ പുനരുദ്ധരിക്കുകയും സംരക്ഷിക്കുകയും നമ്മുടെ ലക്ഷ്യങ്ങളിൽ പെടുന്നു. ഈസ്ഥാപനത്തെ പരിചയപ്പെടാനും ആശയാദർശങ്ങൾ മനസ്സിലാക്കുവാനും 'ശാംഭവി' ത്രൈമാസികയിലൂടെയും www.shripuram.org എന്ന വെബ്സൈറ്റിലൂടെയും സാധിക്കുന്നതാണ്.

# പഞ്ചാനനശിവസ്തുതി

ഡി. പ്രകാശ്

വളരെ അപൂർവ്വത്തിൽ അപൂർവ്വമായ ഈ ശിവസ്തുതി തെക്കൻ കേരളത്തിലെ അമ്പലങ്ങളിൽ ഉത്സവക്കാലത്ത് ചൊല്ലുന്നതായി കണ്ടുവന്നിട്ടുണ്ട്. ശിവന്റെ അഞ്ചു മുഖങ്ങളെയാണിവിടെ പ്രകീർത്തിക്കുന്നത്. സദ്യോജാതൻ പടിഞ്ഞാട്ടഭിമുഖമായിരിക്കുന്നു. വാമദേവൻ വടക്കോട്ടഭിമുഖമായിരിക്കുന്നു. തത്പുരുഷൻ കിഴക്കോട്ടഭിമുഖമായിരിക്കുന്നു. ഈശാനൻ വടക്കുകിഴക്ക് അഭിമുഖമായിരിക്കുന്നു (ഊർദ്ധ്വഭാഗത്തെന്നും പക്ഷമുണ്ട്). അഘോരൻ തെക്കോട്ടഭിമുഖമായിരിക്കുന്നു. ജീവിതചക്രത്തിലെ അഞ്ച് ഘടകങ്ങളായ ജനനം, ജീവിതം, മരണം, ഭൗതികശരീരം പഞ്ചഭൂതങ്ങളിലേയ്ക്ക് വിലയം പ്രാപിക്കുന്ന അവസ്ഥ, പൂർണ്ണതയിലെത്തുന്ന അവസ്ഥ എന്നിവയെ പ്രതിനിധാനം ചെയ്യുന്നത് ഈ ഓരോ മുഖവുമാണ്. ഈ ശ്ലോകാലാപനത്തോടൊപ്പം ശിവനെ സംബോധനചെയ്യുന്ന വാക്യങ്ങളിൽനിന്ന് അദ്ദേഹം സംഗീതമൂർത്തിയാണെന്ന് മനസ്സിലാക്കാം. മാത്രമല്ല, ഈ അഞ്ച് മുഖങ്ങൾ പഞ്ചാക്ഷരങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഇവ ഉത്സവക്കാലത്ത് ഓരോ നടയിലും സംബോധനയോടെ ചൊല്ലുക പതിവാണ്. നിത്യവും ഇതു ചൊല്ലുകയും ആവാം. ഓരോ മുഖത്തിന്റെയും സംബോധന അതാത് ശ്ലോകാവസാനം ചേർക്കുന്നു.

**ശ്ലോകം 1**

പ്രാലേയാചലമിന്ദുകുന്ദധവളം ഗോക്ഷീരഫേനപ്രഭം
ഭസ്മാഭ്യംഗമനംഗദേഹദഹനജ്വാലാവലീലോചനം
വിഷ്ണുബ്രഹ്മമരുദ്ഗണാർച്ചിതപദം ഋഗ്വേദനാദോദയം
വന്ദേഹം സകലം കളങ്കരഹിതം സ്ഥാണോർമുഖം പശ്ചിമം

**സംബോധന**

സ്വാമിൻ ദേവദേവോത്തമ ദേവതേ
സാർവ്വഭൗമ അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായക
ശ്രീമൻ നീലകണ്ഠ വീണാഗാനപ്രിയ
യഃ സരിഗഭര

**സാരം**

ഒരു തരത്തിലും മാറ്റത്തിനു വിധേയനല്ലാത്തവനും സകലതുമായ ശിവന്റെ കളങ്കരഹിതമായ പടിഞ്ഞാറോട്ടുള്ള മുഖം ഞാൻ വണങ്ങുന്നു. ഈ മുഖം മഞ്ഞുപർവ്വതംപോലെ നിർമ്മലവും ചന്ദ്രൻ, മുല്ലപ്പൂ എന്നിവപോലെ വെളുത്തതുമാകുന്നു. പശുവിൻപാലിന്റെ പതകണക്കെ കാന്തിയുള്ളതുമാകുന്നു. പൂർണ്ണമായി ഭസ്മം പൂശിയതായ ആ മുഖത്ത് കാമദേവശരീരത്തെ ദഹിപ്പിച്ച തീനാളമുള്ള കണ്ണുണ്ട്. വിഷ്ണു, ബ്രഹ്മാവ്, മരുദ്ഗണങ്ങൾ എന്നിവരാൽ പൂജിക്കപ്പെട്ട മുഖമാണിത്. ഋഗ്വേദധ്വനിയുടെ ഉറവിടവുമാകുന്നു ശിവന്റെ ഈ മുഖം.

**സംബോധനയുടെ അർത്ഥം**

എല്ലാറ്റിനും ഉടയവനായവനെ, ദേവന്മാരിൽ ഉത്തമനായവനെ, എല്ലാലോകത്തിനും അധീശനായവനെ, സർവ്വബ്രഹ്മാണ്ഡങ്ങൾക്കും നായകനായവനെ ഐശ്വര്യപൂർണ്ണനായ നീലകണ്ഠ, വീണവായിക്കുന്നതിൽ പ്രിയനായിരിക്കുന്നവനെ സപ്തസ്വരങ്ങളെ നില നിർത്തുന്നവനെ. ശ്ലോകം 1 മുതൽ 5 വരെ സംബോധനയുടെ അർത്ഥം ഒന്നുതന്നെയാണ്. (ഡോളാഗാനപ്രിയ = ഊഞ്ഞാലാടി പാടുന്നതിൽ പ്രിയനായിരിക്കുന്നവൻ, വേണുഗാനപ്രിയാ = വേണു വായിക്കുന്നതിൽ പ്രിയനായിരിക്കുന്നവൻ, നാഗസ്വരപ്രിയാ = നാഗസ്വരത്തിൽ പ്രിയനായിരിക്കുന്നവൻ, പഞ്ചാക്ഷരപ്രിയാ = പഞ്ചാക്ഷര പ്രിയനായിരിക്കുന്നവൻ എന്നിങ്ങനെ ശ്ലോകം 2 മുതൽ വരുന്ന വ്യത്യാസം മനസ്സിലാക്കുക).

**ശ്ലോകം 2**

ഗൗരം കുങ്കുമപങ്കിലം സുതിലകം വ്യാപാണ്ഡുഗണ്ഡസ്ഥലം
ഭ്രൂവിക്ഷേപകടാക്ഷവീക്ഷണലസദ്സംസക്തകർണ്ണോല്പലം
സ്നിഗ്ധം ബിംബഫലാധരം പ്രഹസിതം നീലാളകാലങ്കൃതം
വന്ദേ യാജുഷവേദഘോഷജനകം വക്ത്രം ഹരസ്യോത്തരം

**സംബോധന**

സ്വാമിൻ ദേവദേവോത്തമ ദേവതേ
സാർവ്വഭൗമ അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായക
ശ്രീമൻ നീലകണ്ഠ ഡോളാഗാനപ്രിയ
യഃ സരിഗഭര

**സാരം**

ശിവന്റെ വടക്കെ മുഖം ഞാൻ വണങ്ങുന്നു. ഈ മുഖമാകട്ടെ യജുർവ്വേദധ്വനി മുഴക്കുന്നു. വെളുത്ത കഴുത്തോടുകൂടിയ ആ വെളുത്ത മുഖം കുങ്കുമതിലകത്താൽ ശോഭിക്കുന്നു. പുരികമദ്ധ്യത്തിലേയ്ക്കുള്ള കടക്കണ്ണിന്റെ നോട്ടത്താൽ പരിലസിക്കുന്ന മുഖമാണ്. ആമ്പൽപ്പൂ വച്ചിട്ടുള്ള ചെവിയാണ്. തൊണ്ടിപ്പഴംപോലെ ചുകന്ന ചുണ്ടുള്ളവനും വാത്സല്യമുള്ളവനുമായ അദ്ദേഹത്തിന്റെ മുഖം നീലകുറുനിരകളാലും ചിരിയാലും അത്യന്തം ശോഭിക്കുന്നു.

**ശ്ലോകം 3**

സംവർത്താഗ്നിതടിത്പ്രതപ്തകനകപ്രസ്പർദ്ധിതേജോമയം
ഗംഭീരധ്വനി സാമവേദജനകം താമ്രാധരം സുന്ദരം
അർദ്ധേന്ദുദ്യുതിഫാലപിംഗളജടാഭാരപ്രബദ്ധോരഗം
വന്ദേ സിദ്ധസുരാസുരേന്ദ്ര നമിതം പൂർവ്വം മുഖം ശൂലിനഃ

**സംബോധന**

സ്വാമിൻ ദേവദേവോത്തമ ദേവതേ
സാർവ്വഭൗമ അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായക
ശ്രിമൻ നീലകണ്ഠ വേണുഗാനപ്രിയ
യഃ സരിഗഭര

**സാരം**

ത്രിശൂലം പിടിച്ചിട്ടുള്ള ശിവന്റെ മുഖം സിദ്ധന്മാർ, ദേവന്മാർ, അസുരന്മാർ, അവരുടെയെല്ലാം രാജാക്കന്മാർ എന്നിവരാൽ നമിക്കപ്പെട്ടിട്ടുള്ളതാകുന്നു. കിഴക്കോട്ട് അഭിമുഖമായ ഈ മുഖം ഞാൻ വണങ്ങുന്നു. പ്രളയാഗ്നിയോടും മിന്നലിനോടും ചുട്ടുപഴുത്ത കനകത്തോടും കിടപിടിക്കുന്ന തേജസ്സോടുകൂടിയ ഈ മുഖം ഗംഭീരമായ സാമവേദധ്വനിയുടെ ഉറവിടമാകുന്നു. സുന്ദരമായ ഈ മുഖം ചെമ്പിൻ നിറമുള്ള ചുകന്ന ചുണ്ടോടുകൂടിയതാകുന്നു. ശിരസ്സിലെ തവിട്ടു നിറമുള്ള ജടാഭാരത്തെ സർപ്പങ്ങളെക്കൊണ്ട് കെട്ടിയിരിക്കുന്നു. ചന്ദ്രക്കലയാൽ അലങ്കൃതവുമാകുന്നു.

**ശ്ലോകം 4**

കാളാഭ്രഭ്രമരാഞ്ജനദ്യുതിനിഭം വ്യാവർത്തപിംഗേക്ഷണം
കർണ്ണോൽഭാസിതഭോഗിമസ്തകമണിപ്രോൽഫുല്ലദംഷ്ട്രാങ്കുരം
സർപ്പപ്രോതകപാലശുക്തിശകലവ്യാകീർണ്ണമാശേഖരം
വന്ദേ ദക്ഷിണമീശ്വരസ്യ വദനം ചാഥർവ്വവേദോദയം

**സംബോധന**

സ്വാമിൻ ദേവദേവോത്തമ ദേവതേ
സാർവ്വഭൗമ അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായക
ശ്രീമൻ നീലകണ്ഠ നാഗസ്വരപ്രിയ
യഃ സരിഗഭര

**സാരം**

ഈശ്വരന്റെ തെക്കെ മുഖം ഞാൻ വണങ്ങുന്നു. അഥർവ്വവേദത്തിന്റെ ഉറവിടമാകുന്നു. കാർമേഘം, വണ്ട്, നേത്രാഞ്ജനം എന്നിവയുടെ ശോഭയുണ്ട് ഈ മുഖത്തിന്. കറങ്ങിക്കൊണ്ടിരിക്കുന്ന തവിട്ടുനിറമുള്ള കണ്ണുകളും ചെവിയിൽ ശോഭിക്കുന്ന സർപ്പത്തിന്റെ ശിരസ്സിലെ രത്നപ്രകാശത്താൽ തിളങ്ങിക്കാണുന്ന പല്ലുകളും ഈ മുഖത്തിൽ കാണാനുണ്ട്. കിരീടംവരെ സർപ്പത്തിൽ കോർത്ത തലയോട്ടിയാലും ചിപ്പികഷ്ണങ്ങളാലും വ്യാപിച്ചതുമാണീ മുഖം.

**ശ്ലോകം 5**

വ്യക്താവ്യക്തനിരൂപിതം ച പരമം ഷഡ്ത്രിംശത്തത്വാധികം
തസ്മാത് ഉത്തരതത്ത്വമക്ഷരമിതി ധ്യേയം സദാ യോഗിഭിഃ
ഓങ്കാരാദിസമസ്തമന്ത്രനിലയം സൂക്ഷ്മാതിസൂക്ഷ്മം പരം
വന്ദേ പഞ്ചമമീശ്വരസ്യ വദനം ഖം വ്യാപിതേജോമയം

**സംബോധന**

സ്വാമിൻ ദേവദേവോത്തമ ദേവതേ
സാർവ്വഭൗമ അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായക
ശ്രീമൻ നീലകണ്ഠ പഞ്ചാക്ഷരപ്രിയ
യഃ സരിഗഭര

**സാരം**

ആകാശം മുഴുവൻ വ്യാപിച്ചു നില്ക്കുന്ന തേജോമയമായ ഈശ്വരന്റെ അഞ്ചാം

മുഖം ഞാൻ വണങ്ങുന്നു. സൂക്ഷ്മത്തേക്കാൾ അതിസൂക്ഷ്മവും ഉത്തമവും ഓങ്കാരാദി സകലമന്ത്രങ്ങളുടെയും ഉറവിടവുമായ ഈ മുഖം മുപ്പത്തിയാറു തത്ത്വങ്ങളേക്കാളും മഹത്തരമാണ്. അതുകൊണ്ടുതന്നെ യോഗിമാർ സദാ മരണരഹിതവും മഹത്തരവുമായ ഈ മുഖം ധ്യാനിക്കണം.

**ഫലശ്രുതി**

ഏതാനി പഞ്ചവദനാനി മഹേശ്വരസ്യ
യേ കീർത്തയന്തി പുരുഷാഃ സതതം പ്രദോഷേ
ഗച്ഛന്തി തേ ശിവപുരിം രുചിരൈർവ്വിമാനൈഃ
ക്രീഡന്തി നന്ദനവനേ സഹ ലോകപാലൈഃ

**സാരം**

ഇപ്പറഞ്ഞ ശിവന്റെ അഞ്ചു മുഖങ്ങൾ യാതൊരുവരാണോ പ്രദോഷസമയം കീർത്തിക്കുന്നത് അവർ രമണീയവിമാനങ്ങളിൽ ശിവപുരിയിലേയ്ക്കു പോകും. അവിടെ അവർ നന്ദനവനത്തിൽ ലോകപാലരോടൊത്ത് രമിക്കും.

---

# ഇളംതലമുറയുടെ കൂമ്പുവാട്ടം

## സി.എം. കൃഷ്ണനുണ്ണി

ഇളംതലമുറയെക്കുറിച്ചുള്ള നമ്മുടെ ആധി കുറച്ചൊന്നുമല്ല. ഗർഭകാലവും നേഴ്സറി പ്രവേശനകാലവും തൊട്ട് തുടങ്ങുന്നതാണത്. ഇളംതലമുറയാണ് ഇന്ന് നമ്മുടെ ഭവനങ്ങളിലെ വിശേഷപ്പെട്ടവർ. മാതാപിതാക്കന്മാർ അവരുടെ വിനീത സേവകരായിരിക്കുന്നു. ആജീവനാന്ത സമ്പാദ്യങ്ങളും പൈതൃകസ്വത്തുക്കളും അവർക്ക് ഏല്പിച്ചുകൊടുക്കുകയല്ല; അവരുടെ പേരിൽ ഹോമിക്കുകയാണ് നാം ചെയ്യുന്നത്. ഇത്രയൊക്കെയായിട്ടും അവരെക്കുറിച്ചുള്ള നമ്മുടെ ഭീതിക്ക് കുറവൊന്നുമില്ല. അത് കൂടിക്കൊണ്ടിരിക്കുന്നു. തിരസ്കാര സാദ്ധ്യതയും വേശ്യാലയങ്ങൾ മുതൽ മതംമാറ്റ കേന്ദ്രങ്ങൾവരെ എത്തുന്ന കൗമാര പ്രണയദൗർബ്ബല്യവും നമ്മുടെ ഉറക്കം കെടുത്തുന്നു.

എന്തേ ഇങ്ങനെ വരാൻ? നമുക്ക് അവരെ വിശ്വാസമില്ലാതായതെന്തേ? കാലാകാലമായി പിന്തുടർന്നുപോന്ന ആചാരാനുഷ്ഠാനങ്ങളും ചടങ്ങുകളും ഇളംതലമുറ തുടർന്നും പാലിക്കുമോയെന്ന് നാം സന്ദേഹിക്കുന്നു. എന്തുകൊണ്ട്? സ്വന്തം പാരമ്പര്യത്തെക്കുറിച്ച് അജ്ഞരാക്കിയാണ് നാം നമ്മുടെ മക്കളെ വളർത്തുന്നതെന്ന് നമുക്കറിയാം എന്നതല്ലേ ഇതിനു കാരണം? മകനും മകൾക്കും മാതൃഭാഷ അറിയില്ലെന്നു പറയുമ്പോൾ രോമാഞ്ചമണിയുന്ന പത്രാസുകാർ നമുക്കിടയിലുണ്ടല്ലോ. മത്സരപ്പരീക്ഷ ജയിക്കാൻ മക്കളെ പ്രാപ്തരാക്കുന്നതിനിടയിൽ മുത്തച്ഛനെയോ മുത്തശ്ശിയെയോ കാണുവാനോ അവരുമായി ഇടപഴകുവാനോ അവരെ പരിചരിക്കുവാനോ നാം മക്കളെ അനുവദിക്കാറില്ല.

ഇതാണ് നമ്മുടെ വാർദ്ധക്യത്തിൽ മക്കൾ നമ്മോട് എങ്ങനെ പെരുമാറുമെന്ന ഉൽക്കണ്ഠയ്ക്കു കാരണം. പുതിയ നിയമനിർമ്മാണവും മോർട്ട്ഗേജ് വ്യവസ്ഥയുമൊന്നും ഈ ഉൽക്കണ്ഠ കുറയ്ക്കുന്നില്ല. സ്വന്തം കുലമര്യാദകളും സംസ്കാരവും അനന്തരതലമുറകളിലൂടെ നിലനിൽക്കുമെന്ന് ഉറപ്പില്ലാത്ത നമ്മൾ സനാതനധർമ്മം നാശോന്മുഖമായിരിക്കുന്നു എന്ന് വിലപിക്കുന്നത് സ്വന്തം മനഃസാക്ഷിക്കുത്ത് മൂലമാണ്. സ്വന്തം മക്കളിലൂടെ അത് നിലനിർത്താൻ നമ്മൾ ശുഷ്കാന്തികാട്ടാറില്ലല്ലോ. 'അവർക്ക് പഠിപ്പ് കഴിഞ്ഞിട്ട് അതിനൊക്കെ എവിടെയാ സമയം?' പഠിപ്പിനും അതിനായുള്ള ദീർഘദൂരയാത്രയും ട്യൂഷനും ഹോം വർക്കിനുമായി ദിവസത്തിന്റെ ഭൂരിഭാഗവും വൻചെലവു ചെയ്ത് ചെലവിടുവിച്ച് കുട്ടികളെ കുടുംബത്തിൽനിന്ന് അന്യവത്കരിച്ച് വളർത്തുന്നത് ആരാണ്?

മക്കൾ നമ്മുടെ സ്വകാര്യസ്വത്താണെന്ന് നാം കരുതുന്നു. നമുക്ക് സാദ്ധ്യമാവാത്തത് മക്കളിലൂടെ സാദ്ധ്യമാക്കാൻ, അവരുടെ വ്യക്തിപരമായ പ്രത്യേകതകൾ പരിഗണിക്കാതെ നാം ഉദ്യമിക്കുന്നു. ഈശ്വരൻ നമ്മെ വളർത്താനേല്പിച്ചവരാണ് നമ്മുടെ മക്കൾ എന്ന ബോധം നമുക്കില്ല. മക്കളെ ക്ഷേത്രത്തിലെ ദേവന്റെ മുന്നിൽ 'നടക്കിരുത്തു'ന്ന പതിവ് ഇന്ന് പ്രായേണ കുറവാണല്ലോ. താൻ മക്കളുടെ ട്രസ്റ്റി മാത്രമാണെന്ന ബോധം ആ ചടങ്ങ് മാതാപിതാക്കളിൽ അങ്കുരിപ്പിച്ചിരുന്നു. തന്റെ മക്കളെ ഭഗവാൻ സംരക്ഷിച്ചുകൊള്ളും എന്ന ഉറപ്പ് ആ ചടങ്ങ് രക്ഷിതാക്കളിൽ പ്രബലമാക്കിയിരുന്നു.

ഗർഭാവസ്ഥയിൽ ഡോക്ടർമാർക്ക് അളവറ്റ പണം പൊലിക്കുകയും അനാവശ്യമായിപ്പോലും 'ബെഡ് റെസ്റ്റും' ഔഷധസേവയും നടത്തി 'സിസേറിയ'നിലൂടെ ആശുപത്രി ട്രഷറി പോഷിപ്പിക്കുകയും ചെയ്യുക പതിവുള്ള നമ്മൾ സൽസന്താനലാഭത്തിനായി പൗരാണികർ നിർദ്ദേശിച്ച കാര്യങ്ങൾ പാലിക്കാറുണ്ടോ? സൽസന്താനങ്ങളെക്കുറിച്ചുള്ള ഭാവിചിത്രം നമ്മൾ മനസ്സുകൊണ്ട് ദർശിക്കാറുണ്ടോ? ഭോഗസൗഖ്യത്തിന്റെ ഉപോൽപ്പന്നങ്ങൾ—ആവശ്യാനുസരണം കൂട്ടുകയും കുറയ്ക്കുകയും ചെയ്യാവുന്ന ഉപോൽപ്പന്നങ്ങൾ—മാത്രമാണ് ഇന്ന് പിറവിയെടുക്കുന്നവരിലേറെയും. അവർ വളർന്നുവന്ന് സ്വന്തം ഉപഭോഗ സൗകര്യം മുൻനിർത്തി ക്രമീകരണങ്ങളും തിരസ്ക്കാരവും താന്തോന്നിത്തവും ചെയ്താൽ അവരെ അതിന്റെ പേരിൽ കുറ്റപ്പെടുത്താനാവുമോ? സ്വന്തം 'സ്വ'ത്വം തിരിച്ചറിയാനാവതെ പണക്കൂമ്പാരം നേടാൻ ഉപകരിക്കുന്ന പഠിപ്പിനു വിധേയരാവേണ്ടി വരുന്നവർ, അവരുടെ ഉപബോധതലത്തിൽ വളരുന്ന പ്രതികാരവാഞ്ഛയുടെ പ്രേരണയാൽ പ്രതികരിച്ചില്ലെങ്കിലല്ലേ അത്ഭുതമുള്ളു? ഉന്നത ജീവിതാദർശങ്ങളെയും മൂല്യങ്ങളെയും മാറിലേറ്റാൻ അവസരം നിഷേധിക്കപ്പെട്ട ഇളംതലമുറ പ്രണയദൗർബ്ബല്യത്തിനു മറ്റും അടിമകളായി ജീർണ്ണിച്ചുപോയാൽ എന്തിന് അത്ഭുതപ്പെടണം?

മക്കളുടെ 'ഓർഡർലി'കളായി നടക്കുകയും അവരുടെ അരയിലും കയ്യിന്മേലും 'വിദ്യാരാജഗോപാലയന്ത്രം' കെട്ടിച്ച് സമാധാനിക്കുകയും ചെയ്യുന്ന മാതാപിതാക്കൾക്ക് അവരെ ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ളവരാക്കുവാനോ—ബിരുദങ്ങളുടെ എണ്ണവും മുഴുപ്പുമല്ല ഉദ്ദേശിക്കുന്നത്—നൈപുണ്യത്തിന്റെ

പാരമ്യത്തിലെത്തിക്കുവാനോ കഴിയുന്നുണ്ടോ? ഇല്ലെന്നാണ് അഖിലേന്ത്യാ മത്സരപരീക്ഷകളിലെ കണക്കുകൾ വ്യക്തമാക്കുന്നത്. യമപുരിയുടെ കവാടത്തിലോളം അന്വേഷണ വ്യഗ്രതയുമായെത്തിയ കഠോപനിഷത്തിലെ നചികേതസ്സിനെ നമുക്കാർക്കും മകനായി വേണമെന്നില്ലല്ലോ. കുടുംബജീവിതം നയിക്കുന്നവനും സാമൂഹ്യജീവിതത്തിനുപോലും നമ്മുടെ മക്കൾ അസമർത്ഥരായിത്തീരുന്നുവെന്നത് വിവാഹമോചനങ്ങളുടെയും മറ്റും പെരുത്ത കണക്കുകൾ ഉദാഹരിക്കുന്നു. സാമാന്യ വിവരങ്ങൾപ്പോലും ഇല്ലാതെയാണ് പല 'ഇ-ബോയിസും' 'ഇ-ഗേൾസും' രൂപം കൊള്ളുന്നത്.

മുതിർന്ന തലമുറയുടെ ആത്മീയ ശോഷണത്തിന്റെ ഫലമാണ് ഇളംതലമുറയിലെ ഈ കൂമ്പുവാട്ടം. 'പറയിപെറ്റ പന്തിരുകുല'ത്തിന്റെ കഥ നല്കുന്ന ദർശനാമൃതം നാം പാനം ചെയ്തില്ല. ഗുരുദേവന്റെ 'പിണ്ഡനന്ദി' മുന്നോട്ടുവച്ച ആശയം നാം സ്വായത്തമാക്കിയില്ല. ചില കപട ഗോഷ്ഠികൾക്കപ്പുറം ആത്മീയതയിലേയ്ക്ക് നാം മനസ്സിനെ നയിച്ചില്ല. രക്ഷിതാക്കളുടെ ആത്മസംഘർഷത്തിന്റെയും ഭീതിയുടെയും കാരണമിതാണ്.

വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ സ്ഥാനംനേടിയ വരരുചി ഈ കേരളത്തിന് ഒരു ജീവിതദർശനം നല്കിയിട്ടുണ്ട്. ദൈവഹിതം തിരുത്താനാവില്ലെന്ന് അനുഭവത്തിലൂടെ പഠിച്ച അദ്ദേഹം ഈശ്വരഹിതത്തിന് സ്വയം സമർപ്പിക്കുകയായിരുന്നു. 'വായകീറിയ ദൈവം അന്നവും നല്കു'മെന്ന ഉറപ്പിൽ മുന്നോട്ടുപോയ അദ്ദേഹത്തിന്റെ പന്ത്രണ്ടു മക്കളിൽ ഒരാൾപ്പോലും 'പെട്ടു'പോയില്ല. ഐതിഹ്യങ്ങളിൽ സങ്കോചിച്ചാണെങ്കിലും അവരെല്ലാം ഈ പരിഷ്കാരബഹളങ്ങൾക്കിടിയിലൂടെ ജീവിക്കുന്നു.

ഗർഭാവസ്ഥയിൽ വെറുമൊരു പിണ്ഡമായിരുന്ന തന്നെ എല്ലാതരത്തിലും കാരുണ്യപൂർവ്വം വളർത്തിയ ദൈവത്തോട് നന്ദി പറഞ്ഞുകൊണ്ടുള്ളതാണ് ഒമ്പത് ശ്ലോകങ്ങളുള്ള 'പിണ്ഡനന്ദി' എന്ന ഗുരുദേവന്റെ സ്തുതി. ദൈവം ഉദ്ദേശിച്ചപോലെ മാത്രമേ എല്ലാം സംഭവിക്കുന്നുള്ളു എന്നു മനസ്സിലാക്കി എല്ലാം ശംഭുവിൽ അർപ്പിക്കാനാണ് ഗുരുദേവന്റെ ഉപദേശം. ഗർഭസ്ഥശിശുവിന് ബന്ധുക്കളും ബലവും ധനവുമെല്ലാം സ്വന്തം സ്വാധീനത്തിനുപുറത്താണ് എന്ന് ചൂണ്ടിക്കാട്ടുന്ന ഈ സ്തുതി, അതിനിസ്സാരജീവി മുതൽ ദേവേന്ദ്രൻവരെ എല്ലാവരും ദൈവത്തിന്റെ കാരുണ്യത്താൽ വളരുന്നവരാണെന്ന് ചൂണ്ടിക്കാട്ടുന്നു. ഗർഭപാത്രത്തിൽ പതിച്ച പഞ്ചഭൂതങ്ങളിൽ ചൈതന്യം സന്നിവേശിപ്പിച്ച് ഗർഭസ്ഥപിണ്ഡത്തെ നശിക്കാനനുവദിക്കാതെ അമൃതം നല്കി വളർത്തിയ ശംഭുവിനോട് കൃതജ്ഞത പ്രകാശിപ്പിക്കാൻ ഉപദേശിക്കുന്ന ഗുരുദേവൻ മനുഷ്യന്റെ വളർച്ചയ്ക്ക് ഇടംകോലിടരുതെന്നുകൂടി അജ്ഞാനികളായ നമ്മെ താക്കീത് ചെയ്യുകയല്ലേ ചെയ്യുന്നത്?

മക്കളെ എങ്ങനെ വളർത്തരുതെന്ന് ഹിരണ്യകശിപുവിന്റെ കഥ (ശ്രീമഹാഭാഗവതം) സൂചിപ്പിക്കുന്നു. ഗർഭസ്ഥശിശുവായിരുന്ന കാലത്ത് അമ്മയുടെ ഉദരത്തിൽകിടന്നുകൊണ്ട് നാരദന്റെ ഉപദേശങ്ങൾ കേൾക്കാനിടയായതാണ് അസുരകുലത്തിൽ ജനിച്ച പ്രഹ്ലാദൻ വിഷ്ണുഭക്തനായി വളരുവാൻ കാരണമെന്നും ഭാഗവതം (ഏഴാം സ്കന്ധം ഏഴാം അദ്ധ്യായം) പറയുന്നു. അതിനുള്ള അവ

സരം പ്രഹ്ലാദന് നല്കിയതും ദൈവ ഹിതം!

ആത്മീയസാരാംശങ്ങൾ ഉൾക്കൊണ്ട് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ ഉത്തമസന്താനങ്ങൾ ഉണ്ടാവുകയും അവർ രക്ഷിതാക്കളെയും സംസ്കാരത്തെയും ധർമ്മത്തെയും സംരക്ഷിക്കാൻ പ്രാപ്തരായി വളരുകയും ചെയ്യും. മക്കളെ സംബന്ധിച്ച ആധി ആത്മശോഷണത്തിൽനിന്നുണ്ടാവുന്നതാകയാൽ ആത്മപുഷ്ടി നേടിക്കൊണ്ടുവേണം ഭയാർത്തികളിൽനിന്ന് രക്ഷപ്രാപിക്കുവാൻ. ചുമതലകൾ യഥാവിധി നിറവേറ്റുകയല്ലാതെ മക്കളിൽ അത്യാസക്തി പുലർത്തുന്നത് ആത്മഹത്യാപരമാണെന്ന് ചിത്രകേതുവിന്റെ കഥ (ശ്രീമഹാഭാഗവതം ആറാം സ്കന്ധം 14, 15 അദ്ധ്യായങ്ങൾ) നമ്മെ പഠിപ്പിക്കുന്നു. മക്കൾ വിശിഷ്ട താല്പര്യങ്ങളും പൊതു താല്പര്യങ്ങളും നിറവേറ്റാൻ നിയോഗിക്കപ്പെടേണ്ടവർകൂടിയാണെന്ന് വിശ്വാമിത്രന്റെ യാഗരക്ഷയ്ക്ക് രാമലക്ഷ്മണന്മാരെ നിയോഗിച്ച ദശരഥനും ബകാസുരനെ നിഗ്രഹിക്കാൻ ഭീമസേനനെ അനുവദിച്ചയച്ച മഹാഭാരതത്തിലെ കുന്തിയും സൂചിപ്പിക്കുന്നു. അവർക്കെല്ലാം സ്വന്തം മക്കളിൽ ഉറച്ച വിശ്വാസമുണ്ടായിരുന്നു. നമുക്കും ആത്മബലമാർജ്ജിച്ചുകൊണ്ട് നമ്മുടെ മക്കളെ വിശ്വസിക്കാം. അവർ നമ്മളെക്കാൾ മിടുക്കന്മാരാണ്. നമുക്ക്, നമ്മിലെ ആദിമസത്തയെ - ദൈവികതയെ- അവലംബിച്ചുകൊണ്ടും മക്കളടക്കം മറ്റുള്ളവരിലെ ദൈവികതയെ അംഗീകരിച്ചുകൊണ്ടും ജീവിക്കാം.

■

# ശിവസങ്കല്പം

## ഗിരീഷ്കുമാർ

ആർഷഭാരതം സംഭാവന ചെയ്ത വളരെ ഉദാത്തമായ ഒരു സങ്കല്പമാണ് പരമശിവന്റേത്. ഒരു വെറും ദേവതാരൂപമല്ല, മറിച്ച് ഒരു ദർശനത്തിന്റെ സമൂർത്താവിഷ്ക്കാരമാണീ രൂപകല്പന. തന്ത്രശാസ്ത്രം വിഭാവനം ചെയ്യുന്ന വിശ്വാതീതവും വിശ്വാത്മകവുമായ പരമസാക്ഷാത്ക്കാരമാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്നത്. ഈ പരമലക്ഷ്യത്തിൽ എത്താൻ വേണ്ടുന്നതും സാധനചെയ്യുമ്പോൾ ഉണ്ടാവുന്ന അവസ്ഥാവിശേഷങ്ങളും അന്തിമലക്ഷ്യവും ഈ രൂപകല്പനയിൽ ഉൾക്കൊണ്ടിരിക്കുന്നു.

പരമശിവന്റെ വാസസ്ഥാനം ശ്മശാനമാണല്ലോ. ധ്യാനനിരതനായിരിക്കുന്ന ശിവന്റെ മടിത്തട്ടിൽ പാർവ്വതീദേവിയും, ഇരുവശത്തും സുബ്രഹ്മണ്യനും ഗണപതിയും സ്ഥിതിചെയ്യുന്നു. ശ്മശാനഭസ്മവിഭൂഷതനായ അദ്ദേഹത്തിന്റെ ആഭരണങ്ങൾ വിചിത്രങ്ങളായ സർപ്പങ്ങളാണ്. രണ്ടു കണ്ണുകൾക്കു പകരം മൂന്നു കണ്ണുകളോടും ശിരസ്സിൽ ഗംഗയോടുംകൂടി ജടാധാരിയായി, ചന്ദ്രക്കലാധാരിയായി, ത്രിശ്ശൂലം, ഉടുക്ക്, മാൻ, മഴു, അഭയവരദങ്ങൾ തുടങ്ങിയ വിവിധായുധങ്ങളും ധരിച്ച് കൈലാസപർവ്വതത്തിന്റെ ഉത്തുംഗശൃംഗത്തിൽ അദ്ദേഹം വിരാജിക്കുന്നു.

എല്ലാം ഇല്ലാതാകുന്നത് ശ്മശാനത്തിലാണ്. ഷഡ്ത്രിംശത്തത്ത്വാനി വിശ്വം' എന്ന കല്പസൂത്ര വചനമനുസരിച്ച് മുപ്പത്തിയാറ് തത്ത്വങ്ങളോടുകൂടിയ പ്രപഞ്ചം ഇല്ലാതാകുന്നിടമാണ് ശ്മശാനം. പ്രപഞ്ചാതീതനാണ് ശിവൻ എന്നു കാണിക്കുവാനാണ് ശിവനെ ശ്മശാനവാസിയായി ചിത്രീകരിച്ചിരിക്കുന്നത്. അറിയപ്പെടുന്നതിനേയെല്ലാം അറിവാകുന്ന അഗ്നിയിൽ ദഹിപ്പിച്ചു കഴിഞ്ഞാൽ അവശേഷിക്കുന്ന ശുദ്ധാഹംബോധത്തിന്റെ പ്രതീകമാണ് ശ്മശാനഭസ്മം. പ്രപഞ്ചോൽപത്തിക്കുമുമ്പുള്ള പരപ്രമാത്രാവസ്ഥയാണിവിടെ വിവക്ഷിച്ചിരിക്കുന്നത്. നിയന്ത്രണവിധേയമല്ലാത്ത വിചിത്രങ്ങളായ വാസനകളെ നിയന്ത്രണവിധേയമാക്കുമ്പോഴാണ് ഈ അവസ്ഥ സംജാതമാകുന്നത് എന്നതുകൊണ്ട് സർപ്പഭൂഷണനാണ് ശിവൻ. ഈ വാസനകളുടെ ഉറവിടത്തെയാണ് ആധുനികശാസ്ത്രം ലിബിഡൊ എന്നു പറയുന്നത്. വാസനാക്ഷയം നിയന്ത്രണംവഴി ജീവശക്തിയായ ലിബിഡൊയെ ഭൂഷണമാക്കിമാറ്റുവാൻ സാധിക്കുമെന്നും തദ്വാരാ ജീവിതം ജീവന് ഒരലങ്കാരമായിത്തീരുമെന്നും ഇവിടെ കാണിക്കുന്നു. രണ്ടു കണ്ണുകൊണ്ട് കാണുവാൻ സാധിക്കുന്ന പ്രപഞ്ചമായിരിക്കുകയില്ല മൂന്നു കണ്ണുകൊണ്ട് കാണുമാറാകുന്നത്. സാധാരണയുള്ള ജീവനുള്ള പ്രാപഞ്ചികബോധമല്ല പരപ്രമാതാവായ ശിവനുള്ളത് എന്ന് ഈ കല്പനകൊണ്ട് നമുക്ക് ഗ്രഹിക്കാം. തേയുയകയും വളരുകയും ചെയ്യുന്ന ചന്ദ്രൻ മാറിമാറി വരുന്ന കാലത്തെ കാണിക്കുന്നു.

കാലപര്യായമായ ചന്ദ്രനെ ഫാലത്തിൽ ധരിക്കുകവഴി കാലാതീതനായ തത്ത്വമാണ് ശിവൻ എന്ന് ധ്വനിക്കുന്നു. അതിരുകളില്ലാതെ സർവ്വവ്യാപിയായതുകൊണ്ട് ദിഗ്വസ്ത്രധാരിയാണി ശിവൻ. അതായത് ദിഗംബരനാണ്—നഗ്ന

സുഭാഷിതം

**പൃഥിവ്യാം ത്രീണി രത്നാനി**
**ജലമന്നം സുഭാഷിതം**
**മൂഢൈഃ പാഷാണഖണ്ഡേഷു**
**രത്നസംഞ്ജാ വിധീയതേ.**

ഭൂമിയിൽ മൂന്ന് രത്നങ്ങളാണ് യഥാർത്ഥത്തിൽ ഉള്ളത്. അവ വെള്ളം, ഭക്ഷണം, സുഭാഷിതം എന്നിവയാണ്. വിഡ്ഢികളാണ് ഖനനം ചെയ്തെടുക്കുന്ന വജ്രം തുടങ്ങിയവയ്ക്ക് രത്നം എന്ന പേര് നല്കിയിരിക്കുന്നത്.

വജ്രം മുതലായവയ്ക്ക് ലോകത്ത് മൂല്യമുണ്ടെങ്കിലും നമ്മുടെ പ്രാണനെ നിലനിർത്തുന്ന വെള്ളവും ഭക്ഷണവും മനസ്സിന്റെയും ബുദ്ധിയുടെയും സുസ്ഥിതിക്ക് ആവശ്യമായ സുഭാഷിതവും എല്ലാറ്റിനും അധിഷ്ഠാനമാകയാൽ (base) അവയ്ക്കാണ് മൂല്യം കൂടുതൽ. സുഭാഷിതമെന്നാൽ ശോഭനമായ വാക്കെന്നാണ് അർത്ഥം.

നാണ്—എന്നർത്ഥം. ദേശകാലാപരിച്ഛിന്നമായ പരമാർത്ഥത്തെ ദ്യോതിപ്പിക്കുവാൻ ഇതിലും നല്ല വഴിയുണ്ടെന്ന് തോന്നുന്നില്ല. ശിരസ്സിൽനിന്ന് മുകളിലോട്ട് ഒഴുകുന്ന ഗംഗാപ്രവാഹം ഊർദ്ധ്വമുഖിയായ പ്രകാശത്തെയാണ് സൂചിപ്പിക്കുന്നത്. പ്രകാശരൂപിയായ ശിവൻ അധോമുഖിയാകുമ്പോൾ അതു വിമർശരൂപിണിയായ പ്രപഞ്ചമായി ഭവിക്കും. ഊർദ്ധ്വഗാമിയാക്കുമ്പോൾ പ്രപഞ്ചാതീതമാവുകയും ചെയ്യും. ഗം എന്നാൽ പ്രകാശം, ഗാ എന്നാൽ പ്രവാഹം. ഗംഗാ എന്നാൽ പ്രകാശപ്രവാഹം. ജ്ഞാനജ്ഞാതൃജ്ഞേയമാകുന്ന പ്രപഞ്ചത്രിപുടിയെ ഭേദിച്ച് ഒന്നാക്കിതീർക്കുമ്പോൾ ത്രിശൂലം ആവിർഭവിക്കുന്നു. നാദത്തിൽനിന്ന് ജനിക്കുന്ന പ്രപഞ്ചബോധത്തെ ഉടുക്കും ചഞ്ചലമായ വാസനകൾകൊണ്ട് നിയന്ത്രണാതീതമായ മനസ്സിനെ മാനായും നിശ്ചയാത്മികയായ ബുദ്ധിയെ മഴുവായും സങ്കല്പിച്ചിരിക്കുന്നത് വളരെ ഔചിത്യപൂർണ്ണമാണ്. ആയുധങ്ങളുടെ അർത്ഥവിഭാവനകൊണ്ടും അതിന്റെ പ്രയോഗംകൊണ്ടും ശിവാവസ്ഥ പ്രാപിക്കാവുന്നതാണ്. ആയത് സദ്ഗുരുവേദ്യമായതുകൊണ്ട് ഇവിടെ വെളിപ്പെടുത്താവുന്നതല്ല.

പ്രപഞ്ചാതീതമായ ശിവബോധത്തിൽതന്നെയാണ് പ്രപഞ്ചബോധവും എന്ന് കാണിക്കുവാൻ ശിവന്റെ മടിത്തട്ടിൽ വശ്യസുന്ദരിയായ സർവ്വാഭരണവിഭൂഷിതയായ മുപ്പത്തിയാറ് തത്ത്വാത്മികയായ വിശ്വമാതാവായ പാർവ്വതീദേവിയെ ഇരുത്തിയിരിക്കുന്നു. സ്ഥിരമായതിൽനിന്നേ ചരമായത് ഉദ്ഭവിക്കു എന്നുള്ളതിനാൽ ഹിമവത്പുത്രിയാകുന്നു ഉമാ. ചഞ്ചലപ്രകൃതിയായ ഉമയ്ക്ക് പതി പ്രപഞ്ചബോധാതീതനായ സ്ഥിരനായ സ്ഥാണു ആകുന്നു എന്നുള്ളതും അർത്ഥവത്താകുന്നു. പ്രപഞ്ചബോധവും പ്രപഞ്ചാതീതബോധവും ഒരുമിച്ചാകുന്നു യോഗി അനുഭവിക്കുക എന്നുള്ളതിനാലാണ് പാർവ്വതീപരമേശ്വരന്മാരെ വേർപിരിക്കാൻ പറ്റില്ല എന്നു പറയുന്നത്. വിശ്വാത്മകവിശ്വാതീതബോധത്തിലേയ്ക്ക് സാധകനെ നയിക്കുന്നത് കഠിനമായ സ്വപ്രയത്നവും അനുപമമായ ഗുരുകൃപയുമാകുന്നു. പാർവ്വതീപുത്രനായ ഗണപതി പ്രാപഞ്ചികബോധത്തിൽ നില്ക്കുന്ന സാധകന്റെ പ്രയത്നപ്രതീകമാകുന്നു. സാധകൻ നിൽക്കുന്നിടത്തുനിന്നേ യാത്ര ആരംഭിക്കുവാൻ സാധിക്കുകയുള്ളു. അത് മൂലാധാരം. മൂലാധാരസ്ഥിതനാണ് ഗണപതി എന്ന് ഓർക്കുക. സ്വപ്രയത്നം മാത്രം പോരാ. ഈശ്വരാനുഗ്രഹവും കൂടിയേ തീരു ഉദ്യമസാഫല്യത്തിന് എന്ന് സുവിദിതമാണ്. ഈശ്വരാനുഗ്രഹപ്രതീകമായി സുബ്രഹ്മണ്യൻ നിലകൊള്ളുന്നു. പരമശിവനുപോലും പ്രണവാർത്ഥം ഉപദേശിച്ച കുമാരൻ ഗുരുപ്രതീകമാണ്. സാധകന്റെ പ്രയത്നവും ഗുരുവിന്റെ അനുഗ്രഹവും യോജിക്കുമ്പോൾ വിശ്വാതീതവിശ്വാത്മകാനുഭൂതി യുഗപത് സംഭവിക്കും എന്നു ചിത്രീകരിക്കുവാൻ ഇതിലും നല്ല ഒരു കല്പന കാണുകയില്ല എന്നു തീർച്ച.

സാധനയും സാധനാലക്ഷ്യവും സമ്മേളിപ്പിച്ചുള്ള ശിവരൂപധ്യാനം പ്രസക്തമാകുന്നു. ഈ ലേഖനത്തിൽ ഉയർന്നസാധകനും തുടക്കക്കാരനും ഒരുപോലെ കാര്യങ്ങൾ ഗ്രഹിക്കുവാൻ പറ്റുന്ന വിധത്തിലാകുന്നു പദങ്ങളുടെ പ്രയോഗം. ആയത് ശിവാനുഗ്രഹത്താൽ മനസ്സിലാക്കിക്കൊള്ളുക.

■

ഗ്രന്ഥപരിചയം

# പ്രയോഗമഞ്ജരി

**അജിതൻ പി.ഐ.**

കേരളീയ താന്ത്രികഗ്രന്ഥങ്ങളിൽ ശങ്കരാചാര്യരാൽ (8-ാം നൂറ്റാണ്ട്) എഴുതപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്ന 'പ്രപഞ്ചസാരം' കഴിഞ്ഞാൽ ഏറ്റവും പഴയതായി കണക്കാപ്പെടുന്ന ഒന്നാണ് പ്രയോഗമഞ്ജരി. മറ്റൊരു തരത്തിൽ പറഞ്ഞാൽ കേരളത്തിൽ എഴുതപ്പെട്ട ക്ഷേത്രസംബന്ധികളായ ആചാരങ്ങളെക്കുറിച്ചുമാത്രം പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളിൽ ഏറ്റവും പഴയതാണിത്. ശിവനെ സംബന്ധിച്ച ക്ഷേത്രക്രിയകൾ മാത്രമാണിതിൽ പറഞ്ഞിരിക്കുന്നത്. ഈ ക്ഷേത്രസംബന്ധിയായ ക്രിയകളിൽ ശിവക്ഷേത്രനിർമ്മാണം തുടങ്ങി ക്ഷേത്രത്തിലെ മറ്റാചാരങ്ങളായ ഉത്സവം, നവീകരണം, പ്രായശ്ചിത്തം തുടങ്ങിയ താന്ത്രികാചാരണങ്ങളും ഇതിൽ ഉൾപ്പെടുന്നു.

## ഗ്രന്ഥകർത്താവ്

പ്രയോഗമഞ്ജരിയിൽ കാണുന്ന സൂചനകളനുസരിച്ച് ഗ്രന്ഥകർത്താവിന്റെ പേര് 'രവി' എന്നാണെന്നും അദ്ദേഹത്തിന്റെ പിതാമഹൻ ഭവത്രാതനും പിതാവ് അഷ്ടമൂർത്തിയുമാണെന്നും സ്പഷ്ടമാകുന്നു. ചരിത്രകാരന്മാർ അവകാശപ്പെടുന്നത് ഇദ്ദേഹത്തിന്റെ ജീവിതകാലം 10-ാം നാറ്റാണ്ടിനും 11-ാം നൂറ്റാണ്ടിനും ഇടയിലാണെന്നാണ്. വടക്കുംകൂർ രാജരാജവർമ്മ രേഖപ്പെടുത്തിയിരിക്കുന്നത് രവി നമ്പൂതിരി 'മാമണ്ണ്' എന്ന ഇല്ലക്കാരനാണെന്നും ഈ ഇല്ലം സ്ഥിതിചെയ്യുന്നത് 'ചൊവ്വര' ഗ്രാമത്തിൽ ആണെന്നുമാണ്. ഇത് കൂടാതെ ഇദ്ദേഹം യാഗാധികാരമുള്ള കുലത്തിൽ ആണ് ജനിച്ചതെന്നും സോമയാജിയുമാണെന്നും പ്രയോഗമഞ്ജരിയിലൂടെ കടന്നുപോകുമ്പോൾ എളുപ്പം മനസ്സിലാക്കാം.

ഗ്രന്ഥാരംഭത്തിൽ ഇങ്ങനെയൊരു ഗ്രന്ഥം രചിക്കുന്നതിന് പിന്നിലുള്ള ഉദ്ദേശ്യം പറഞ്ഞിരിക്കുന്നത് മന്ദബുദ്ധികൾക്ക് എളുപ്പം മനസ്സിലാക്കാൻ വേണ്ടിയും ആഗമങ്ങളിൽ ശിവപ്രതിഷ്ഠാസംബന്ധികളായ ക്രിയകളെ പലേടങ്ങളിലായി പറഞ്ഞിരിക്കുന്നതിനാൽ അവയെല്ലാം ഒരിടത്ത് പറയുവാൻ വേണ്ടിയാണെന്നുമാണ്. ഇതിൽനിന്നും വ്യക്തമാകുന്നത് ഗ്രന്ഥകർത്താവ് ശൈവാഗമങ്ങളിൽ നിഷ്ണാതനാണെന്നും ശൈവമാർഗ്ഗാനുസാരിയാണെന്നുമാണ്.

## ഉള്ളടക്കം

പ്രയോഗമഞ്ജരിയിൽ 21 പടലങ്ങളാണുള്ളത്. ഇതിലെ ഉള്ളടക്കം യഥാക്രമം ആചാര്യപരിഗ്രഹം, ഭൂപരിഗ്രഹം, വാസ്തുയാഗം, ഇഷ്ടകാന്യാസം, ഗർഭാധാനം, പ്രാസാദലക്ഷണം, ശിലാലക്ഷണം, ലിംഗലക്ഷണം, ദീക്ഷ, അങ്കുരാരോപണം, ജലാധിവാസം, രക്ഷോഘ്നഹോമം, ലിംഗശുദ്ധി, ശിവലിംഗപ്രതിഷ്ഠ, പൂജ, സ്നാനം, ഉത്സവം, തീർത്ഥസ്നാനവിധി, സ്നപനം, ജീർണ്ണോദ്ധാരവിധി എന്നിവയാണ്.

ആഗമങ്ങളിൽ പൂജ രണ്ടു തരത്തിലാണ് പറഞ്ഞിരിക്കുന്നത്. അവ 1. സ്വാർത്ഥം, 2. പരാർത്ഥം എന്നിവയാണ്. സ്വാർത്ഥപൂജയെന്നത് സ്വന്തം ഉപാസനയുമായി ബന്ധപ്പെട്ട പൂജകളാണ്. എന്നാൽ പരാർത്ഥമെന്നത് ക്ഷേത്രങ്ങളിലെ പൂജകളും സാമൂഹികനന്മയുദ്ദേശിച്ചുള്ള പൂജകളുമാണ്. ആദ്യം പ്രസ്താവിച്ചതുപോലെ പ്രയോഗമഞ്ജരിയിൽ പറഞ്ഞിരിക്കുന്നത് ക്ഷേത്രസംബന്ധികളായ (പരാർത്ഥം) ക്രിയകൾ മാത്രമാണ്. ക്ഷേത്രസംബന്ധികളായ ക്രിയകൾക്ക് പ്രത്യേകിച്ചും പ്രതിഷ്ഠിക്കാനുള്ള അധികാരം ദീക്ഷിതനു മാത്രമേയുള്ളൂവെന്ന് ഇതിൽ ഊന്നിപ്പറയുന്നു. ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട് ദീക്ഷയ്ക്കുള്ള ഈയൊരു പ്രാധാന്യം സമുച്ചയം തുടങ്ങി പില്ക്കാലത്ത് എഴുതപ്പെട്ട ഗ്രന്ഥങ്ങളിൽ കൊടുത്തുകാണുന്നില്ല.

### ചില സവിശേഷതകൾ

ഗ്രന്ഥാരംഭത്തിൽ ആചാര്യലക്ഷണത്തെ തുടർന്ന് ക്ഷേത്രനിർമ്മാണവും ശിവലിംഗ ലക്ഷണവും വിസ്തരിച്ച് പറഞ്ഞശേഷം പ്രതിഷ്ഠാക്രിയകളിലേയ്ക്ക് പ്രവേശിക്കുന്നതിനുതൊട്ടുമുമ്പ് 9-ാം പടലത്തിൽ ശൈവാഗമങ്ങളിൽ കാണുന്ന തരത്തിലുള്ള ദീക്ഷാക്രിയകളെ സംക്ഷേപരൂപത്തിൽ പ്രതിപാദിക്കുന്നു. ഈയൊരു ദീക്ഷാക്രമത്തിന്റെ വിസ്തൃതമായ രൂപം ശൈവാഗമനിബന്ധനത്തിലും തുടർന്ന് ഈശാനശിവഗുരുദേവ പദ്ധതിയിലും കാണാം. മറ്റൊരു സവിശേഷത 18-ാം പടലത്തിൽ നിത്യബലി പറയുന്ന സന്ദർഭത്തിൽ ഹവിസ്സുകൊണ്ട് ശിവലിംഗമുണ്ടാക്കി അതിൽ ശിവനെ ആവാഹിച്ച് പൂജിച്ച് ശിഷ്യശിരസ്സിൽ വച്ച് ഈ ശിവലിംഗം സാക്ഷിയായി ബലിതൂവുന്ന ഒരു ക്രമം ഇതിൽ കാണുന്നുണ്ട്. ഇത്തരമൊരു ആചാരം കേരളത്തിൽ നിലവിലുള്ളതായി അറിവില്ല.

### പ്രയോഗമഞ്ജരിയുടെ പ്രാധാന്യം

ഇന്ന് നിലവിലുള്ള ക്ഷേത്രാചാരങ്ങളുമായി നൂറ്റാണ്ടുകൾക്കു മുമ്പ് എഴുതപ്പെട്ട പ്രയോഗമഞ്ജരിയിലെ ആചാരങ്ങളുമായി ഒരുപാട് സാദൃശ്യമുണ്ട്. കൂടാതെ ഇതിനെ പിന്തുടർന്ന് എഴുതപ്പെട്ട മുരാരിഭട്ടന്റെ ശൈവാഗമനിബന്ധനം പ്രയോഗമഞ്ജരിയുടെ ഒരു വിസ്തൃതമായ പതിപ്പാണ്. ഈശാനശിവഗുരുദേവ പദ്ധതിയിലും ഒരുപാടിടങ്ങളിൽ പ്രയോഗമഞ്ജരിയിലെ ശ്ലോകങ്ങൾ ആധികാരികമായി ഉദ്ധരിച്ചുകാണുന്നുണ്ട്. തുടർന്നുവരുന്ന സമുച്ചയത്തിലും ഇതിന്റെ പ്രതിഫലനം കാണാം.

ശൈവാഗമ പാരമ്പര്യത്തെ പിന്തുടർന്ന് എഴുതപ്പെട്ടതാണ് പ്രയോഗമഞ്ജരി. പില്ക്കാലത്തെ പ്രമാണഗ്രന്ഥമായ തന്ത്രസമുച്ചയത്തിൽ ശൈവ, വൈഷ്ണവ, വൈദിക പാരമ്പര്യങ്ങൾ സമഞ്ജസമായി സമ്മേളിക്കുന്നതോടുകൂടി ഈ സമ്പ്രദായങ്ങളുടെ തനതായ അസ്തിത്വം നഷ്ടപ്പെടുകയും വൈദികാചരങ്ങൾക്കും വൈഷ്ണവസമ്പ്രദായത്തിനും ഏറെ പ്രാധാന്യം വന്നുചേരുകയും ആദ്യകാല താന്ത്രികഗ്രന്ഥങ്ങളായ പ്രയോഗമഞ്ജരി തുടങ്ങിയവയുടെ പ്രസക്തി ക്രമേണ അസ്തമിച്ചുപോകുന്നതായും കാണാം.

### പ്രദ്യോതം (പ്രയോഗമഞ്ജരീ വ്യാഖ്യാനം)

പ്രയോഗമഞ്ജരിക്ക് ത്രിവിക്രമൻ (15-ാം നൂറ്റാണ്ട്) എഴുതിയ വ്യാഖ്യാനമാണ് പ്രദ്യോതം. പ്രയോഗമഞ്ജരിയെ

കൂടുതൽ അടുത്തറിയാൻ ഈയൊരു വ്യാഖ്യാനം ഏറെ സഹായകമാണ്. പ്രദ്യോതത്തിൽ പ്രയോഗമഞ്ജരിയിൽ ചുരുക്കിപ്പറയുന്ന ശൈവസിദ്ധാന്തത്തെ കൂടുതൽ വിസ്തരിച്ച് പറയുന്നുവെന്നത് ഇതിന്റെയൊരു സവിശേഷതയാണ്.

## മുഖചിത്രത്തെക്കുറിച്ച് ഒരു വാക്ക്




ഈ ചിഹ്നം ഞങ്ങൾക്കു കിട്ടിയത് ഒരു സൂഫി സന്യാസിയുടെ കൈയിൽനിന്നാണ്. തന്റെയുള്ളിൽ ശ്രവിക്കുന്ന നാദത്തെ അനുസന്ധാനം ചെയ്യുന്ന ഒരു യോഗിയുടെ മുഖമാണ് ഈ ചിത്രം. യോഗികൾ ശ്രവിക്കുന്ന ഈ നാദമാണ് പ്രണവധ്വനി. അതാണ് ഈ ചിത്രത്തിന്റെ അർത്ഥവും.

യോഗിയുടെ മുഖത്ത് ചെവികളില്ല. കാരണം ആന്തരികമായി നാദശ്രവണമുണ്ടാവുന്ന സമയത്ത് ബാഹ്യമായ ശബ്ദവീചികളെ കേൾക്കുകയില്ല. ഈ അവസ്ഥയിൽ മൂക്കിലൂടെയുള്ള ശ്വാസോച്ഛ്വാസം നിലയ്ക്കുകയും ദൃഷ്ടികൾ പുരികക്കൊടിക്കിടയിൽ കേന്ദ്രീകൃതമാവുകയും ചെയ്യുന്നു. ഇവിടെ വാക്കുകൾ ഇല്ലാത്തതുകൊണ്ട് ചുണ്ടുകൾ ബന്ധിത രൂപത്തിലാണ്. ഈ അവസ്ഥ പ്രതിനിധാനം ചെയ്യുന്നത് തന്ത്രശാസ്ത്രത്തിൽ പറയുന്ന ശാംഭവി/ഭൈരവി എന്ന മുദ്രയെക്കൂടിയാണ്. ഇതിന് മൗനമുദ്ര എന്നും പേരുണ്ട്. ആ ശാംഭവീമുദ്ര എന്റെയുള്ളിൽ സ്ഫുരിക്കട്ടെ — പരമമായ ജ്ഞാനം അഥവാ ശിവബോധം എന്റെ ഉള്ളിൽ ഉദിക്കട്ടെ.

വാർഷിക വരിസംഖ്യ Rs. 60/- മണി ഓർഡർ/ഡിഡി ആയി ശ്രീപുരം പബ്ലിക്കേഷന്റെ പേരിൽ അയക്കുക. പണം അയക്കുന്നവർ അവരവരുടെ അഡ്രസും ഫോൺ നമ്പറും കൃത്യമായി എഴുതുക.

**ശ്രീപുരം പബ്ലിക്കേഷൻസ്**
മാടായിക്കോണം പി.ഓ.
ഇരിഞ്ഞാലക്കുട, തൃശ്ശൂർ 680 712
ഫോൺ : 0480 2856505

Printed and published by Sreekanth C. for Shripuram Publications, Madaikkonam P.O., Irinjalakkuda, Thrissur - 680 712; Editor : Prakash D.; and Printed at Srichakram Offset Printers, Cochin - 35.